പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 390 — 2/12/2014-ൽ മറുപടിക്ക്

# കാസർഗോഡ് താപനിലയം ആരംഭിക്കാൻ നടപടി.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ). | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| ദ്രവീകൃത ഇന്ധനം ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ താപനിലയം ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | 11.02.2011 ൽ 1200 മെഗാവാട്ട് ശേഷിയുള്ള ഒരു വാതകാധിഷ്ഠിത പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകി. പ്രസ്തുത പദ്ധതി കാസർഗോഡ് ജില്ലയിൽ ചീമേനിയിൽ തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ദ്രവീകൃത പ്രകൃതി വാതകവും ആഭ്യന്തര വാതകവും ഉപയോഗിച്ച് താപനിലയം തുടങ്ങുന്നതിനാണ് തീരുമാനിച്ചിരുന്നത്. പദ്ധതിക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും, പാരിസ്ഥിതിക ആഘാത പഠനം നടത്തുകയും ചെയ്തിരുന്നു. പദ്ധതിയ്ക്ക് വേണ്ടി ടെൻഡർ വിളിക്കുന്നതിനുള്ള ടെൻഡർ ഡോക്കുമെന്റുകൾ തയ്യാറാക്കുകയും ചെയ്തിരുന്നു.<br><br>ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ഉത്പാദനം കുറയുന്നതിനാൽ 12-ാം പദ്ധതിക്കാലത്ത് പുതുതായി വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾക്ക് പ്രകൃതി വാതകം അനുവദിക്കാൻ കഴിയില്ല എന്നും അതുകൊണ്ട് പുതുതായി ആഭ്യന്തരവാതകാധിഷ്ഠിത പദ്ധതികൾ തുടങ്ങരുതെന്നും കേന്ദ്ര വൈദ്യുത അതോറിറ്റി 19.3.2012-ൽ നിർദ്ദേശിച്ചിരുന്നു.<br><br>ആഭ്യന്തര പ്രകൃതി വാതകം പദ്ധതിയ്ക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കാൻ കഴിയാത്തതുകൊണ്ട്, ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകം ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ അന്താരാഷ്ട്ര പ്രകൃതി വാതക വില സൂചികകളിൽ പലതും പെട്രോൾ വിലയുമായി |

ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഡോളർ-പെട്രോൾ വില വ്യതിയാനങ്ങൾ പ്രകൃതി വാതക വിലയെ സ്വാധീനിക്കുമെന്നതിനാൽ ഇറക്കുമതി ചെയ്യുന്ന പ്രകൃതിവാതകം ഉപയോഗപ്പെടുത്തിയുള്ള വൈദ്യുത ഉൽപ്പാദനത്തിന് സന്നിദ്ധതകൾ നില നിൽക്കുന്നു. ആഭ്യന്തര വാതകത്തിന്റെ ദൗർ ലഭ്യവും ഇറക്കുമതി ചെയ്യുന്ന പ്രകൃതിവാതക ത്തിന്റെ വിലയിലുള്ള അസ്ഥിരതയുമാണ് വാത കാധിഷ്ഠിത പദ്ധതികൾക്ക് പ്രതിബന്ധമായി നിൽക്കുന്നത്.

**സെക്ഷൻ ഓഫീസർ**